(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾ കാര്യക്ഷമമായി ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി നടപ്പിലാക്കുക, സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് അവ കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വകുപ്പ് അടിസ്ഥാനത്തിലല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നത് ; എല്ലാ വകുപ്പുകളുടെ പദ്ധതികളും ഇതിൽ ഉൾപ്പെടും.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676 - അഞ്ചിന പദ്ധതികൾ

60 (T1458) ശ്രീ. പാലോട് രവി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി അഞ്ചിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് ; വിശദമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രവർത്തനം മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ നൽകുന്ന സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി)

1. സേവനാവകാശ നിയമം
2. ഇ-ഗവേണൻസ്
3. കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കൽ
4. റൈറ്റ് ടു ഹിയറിംഗ്
5. ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണം

(ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന അഞ്ചിന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മിഷൻ 676-ന്റെ ഭാഗമായുള്ള വികസനം, ക്ഷേമം, സേവന ദൗത്യങ്ങൾ

61 (T1459) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676 -ന്റെ ഭാഗമായി വികസന, ക്ഷേമ, സേവന ദൗത്യങ്ങൾ എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്നു വിശദമാക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly